LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയനാട് ജില്ലയിൽ 198 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി നടത്തിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	താലൂക്ക്	വിസ്തൃതി
1	ബത്തേരി താലൂക്ക്	89 ഹെക്ടർ
2	മാനന്തവാടി താലൂക്ക്	55.99 ഹെക്ടർ
3	വൈത്തിരി താലൂക്ക്	53.01 ഹെക്ടർ
	ആകെ	198 ഹെക്ടർ

(ബി)

വർഷം	ഉൽപ്പാദിപ്പിച്ച മത്സ്യത്തിന്റെ അളവ്
2012-13	375 ടൺ
2013-14	565 ടൺ
2014-15	599 ടൺ

ഫിഷറീസ് വില്ലേജുകൾ

67(5652) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫിഷറീസ് വില്ലേജുകൾ ഉണ്ട് ; അതിൽ എത്ര വില്ലേജുകൾ കാസർഗോഡ് ജില്ലയിൽ ഉണ്ട് ;

(ബി) ഫിഷറീസ് ഗ്രാമങ്ങളിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തീരദേശമേഖലയിൽ 222 ഫിഷറീസ് വില്ലേജുകളും ഉൾനാടൻ മേഖലയിൽ 113 ഫിഷറീസ് വില്ലേജുകളും ഉണ്ട്. കാസർഗോഡ് ജില്ലയിൽ ആകെ 18 ഫിഷറീസ് വില്ലേജുകൾ ഉണ്ട്.

(ബി) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ, ഭവനനവീകരണം/ടോയിലറ്റ് നിർമ്മാണം, ധനസഹായ പദ്ധതികൾ എന്നിവയും കടിവെള്ളം, വൈദ്യുതീകരണം, ലൈബ്രറി, ജീവനോപാധി പദ്ധതികൾ തുടങ്ങിയ സാമൂഹിക ആരോഗ്യ വിദ്യാഭ്യാസ മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന പദ്ധതികളും മത്സ്യ ഗ്രാമങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

ഫിഷിംഗ് ഹാർബറുകൾ

68(5653) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്ത് - വലിയതുറ, പുന്തുറ, വർക്കല (ചിലക്കൂർ), കൊല്ലത്ത്-സൗത്ത് പരവൂർ, ആലപ്പുഴയിൽ-പുന്നപ്ര, തൃക്കുന്നപ്പുഴ, തൃശ്ശൂരിൽ-കയ്പമംഗലം, മലപ്പുറത്ത് പരപ്പനങ്ങാടി, കണ്ണൂരിൽ - പുതിയങ്ങാടി, കാസർഗോഡ്-അജാനൂർ കടപ്പുറം എന്നീ സ്ഥലങ്ങളിൽ പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾ നടന്നുവരുന്നു.

(ബി) മത്സ്യബന്ധന യാനങ്ങൾക്ക് സുരക്ഷിതമായി അടുക്കുവാനും ഒരു പരിധിവരെ പ്രതികൂല കാലാവസ്ഥയിലും മത്സ്യബന്ധനത്തിന് പോകുവാൻ സാധ്യമാകുന്ന തരത്തിലുള്ള സുരക്ഷിതമായ ഹാർബർ ബേസിൻ രൂപപ്പെടുത്തുകയാണ് മത്സ്യബന്ധന തുറമുഖം ലക്ഷ്യമിടുന്നത്. മെച്ചപ്പെട്ട വിപണന കേന്ദ്രമായ മത്സ്യബന്ധന തുറമുഖങ്ങൾ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തും. തൊഴിൽ ദിനങ്ങൾ വർദ്ധിക്കുകയും അനുബന്ധ തൊഴിലിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാവുകയും ചെയ്യും. മത്സ്യകയറ്റുമതി വർദ്ധനവിലൂടെ കൂടുതൽ വിദേശനാണ്യം നേടിത്തരും.

LIBRARY ARCHIVES Kerala Legislative Assembly